**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ബ്രഹ്മപുരത്തെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ഊറി വരുന്ന മലിനജലം (Leachet) സൃഷ്ടിക്കുന്ന മലിനീകരണം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ തീരുമാനിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി ഡോ. മിത്ര റ്റി. IAS-ന്റെ നേതൃത്വത്തിൽ ഒരു ടീമിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.3105/2018/തസ്വഭവ തിരുവനന്തപുരം, തീയതി: 06.12.2018

---

പരാമർശം:- OA No.533/2018, 534/2018 ,535/2018 കേസുകളിൽ നാഷണൽ ഗ്രീൻ ട്രിബ്യൂണൽ 22.10.2018 - ൽ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ്

**ഉത്തരവ്**

ബ്രഹ്മപുരം മാലിന്യ സംസ്കരണ പ്ലാന്റിന്റെ പ്രവർത്തനം കാര്യക്ഷമമാക്കി കൊച്ചിയിലെ മാലിന്യ സംസ്കരണം ഫലപ്രദമായി നടപ്പിലാക്കുന്നതിൽ വന്ന കാലതാമസത്തെ തുടർന്ന് ആയതുമായി ബന്ധപ്പെട്ട് കൊച്ചി കോർപറേഷന് ഒരുകോടി രൂപ പിഴ ചുമത്തികൊണ്ട് മേൽ പരാമർശം പ്രകാരം ദേശീയ ഹരിത ട്രിബ്യൂണൽ ഉത്തരവിട്ടിരുന്നു. പ്രസ്തുത ഉത്തരവിന് ഹൈക്കോടതി സ്റ്റേ നൽകിയിരുന്നെങ്കിലും ഒരുകോടി രൂപയുടെ ബാങ്ക് ഗ്യാരന്റി കോർപ്പറേഷൻ നൽകേണ്ടതുണ്ട് എന്നും ആറ് മാസത്തിനുള്ളിൽ പൂർണ്ണമായ മാലിന്യ സംസ്കരണ സംവിധാനം ഏർപ്പെടുത്തിയില്ലെങ്കിൽ വീണ്ടും പിഴ ഒടുക്കേണ്ടിവരുമെന്നും നിഷ്കർഷിക്കുകയും ചെയ്തിരുന്നു. ദേശീയ ഹരിത ട്രിബ്യൂണൽ, സോളിഡ് വേസ്റ്റ് മാനേജ്മന്റ് മോണിറ്റർ ചെയ്യുന്നതിനായി നിയമിച്ചിട്ടുള്ള റീജിയണൽ മോണിറ്ററിങ് കമ്മിറ്റി (സൗത്ത്) 19/12/2018 ന് ബ്രഹ്മപുരം പ്ലാന്റ് സന്ദർശിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ബ്രഹ്മപുരത്തെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിലവിലുള്ള മാലിന്യത്തിൽ നിന്നും ഊറി വരുന്ന മലിനജലം (Leachet) വലിയതോതിൽ പരിസര മലിനീകരണം സൃഷ്ടിക്കുന്ന സാഹചര്യത്തിൽ ഈ സ്ഥിതിവിശേഷം പരിഹരിക്കുന്നതിന് അടിയന്തിരമായ ഇടപെടലുകൾ നടത്തുന്നതിനായി ബ്രഹ്മപുരത്തെ നിലവിലുള്ള മാലിന്യ സംസ്കരണ പ്ലാന്റിന്റെ കാര്യത്തിൽ സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ അടിയന്തിരമായി തീരുമാനിക്കേണ്ടതുണ്ട്. ബ്രഹ്മപുരത്തെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നും ഊറി വരുന്ന മലിനജലം സൃഷ്ടിക്കുന്ന മലിനീകരണം ഒഴിവാക്കുന്നതിന് ഉൾപ്പടെ പ്രസ്തുത പ്ലാന്റുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട പ്രായോഗിക നടപടികൾ തീരുമാനിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് (അർബൻ) സെക്രട്ടറിയുടെ ചാർജ് വഹിക്കുന്ന അഡീഷണൽ സെക്രട്ടറി ഡോ.മിത്ര റ്റി. IAS-ന്റെ നേതൃത്വത്തിൽ ശ്രീ രഞ്ചു ആർ പിള്ളൈ, എൻവയൺമെന്റൽ എൻജിനീയർ, ശുചിത്വ മിഷൻ, ശ്രീ. ശ്രീകുമാർ എസ്, എൻവയൺമെന്റൽ എക്സ്പേർട്ട്, അമൃത് മിഷൻ, ശ്രീ കിരൺ സൂര്യ, എൻവയൺമെന്റൽ എൻജിനീയർ, കൊച്ചി കോർപ്പറേഷൻ എന്നിവർ അടങ്ങുന്ന ഒരു ടീമിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പ്രസ്തുത ടീം 48 മണിക്കൂറിനുള്ളിൽ അടിയന്തിരമായി ബ്രഹ്മപുരം പ്ലാന്റ് സന്ദർശിച്ച് 19/12/2018-ന് മുമ്പായി ചെയ്തുതീർക്കേണ്ട കാര്യങ്ങൾ (എമർജൻസി അടിസ്ഥാനത്തിൽ ചെയ്യേണ്ട കാര്യങ്ങൾ), അടുത്ത രണ്ടു-മൂന്ന മാസത്തിനുള്ളിൽ ചെയ്ത് തീർക്കേണ്ട കാര്യങ്ങൾ (ഹ്രസ്വ കാല ഇടപെടലുകൾ), രണ്ടു മുതൽ ആറ് മാസത്തിനുള്ളിൽ ചെയ്യേണ്ട കാര്യങ്ങൾ (മധ്യകാല ഇടപെടലുകൾ), ബ്രഹ്മപുരം വേസ്റ്റ് ടു എനർജി പ്ലാന്റ് പ്രവർത്തനക്ഷമമാവുന്നതുവരെ സ്വീകരിക്കേണ്ട നടപടികൾ (ദീർഘകാല ഇടപെടലുകൾ) എന്നീ വിധത്തിൽ അടിയന്തിര റിപ്പോർട്ട് തയ്യാറാക്കി 48 മണിക്കൂറിനുള്ളിൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ടി കെ ജോസ്**
**അഡിഷണൽ ചീഫ് സെക്രട്ടറി**

മേയർ ,കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
ചെയർമാൻ, കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡ്,
ഡോ. മിത്ര റ്റി. IAS, അഡീഷണൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ശ്രീ രഞ്ചു ആർ പിള്ളൈ , എൻവയൺമെന്റൽ എൻജിനീയർ, ശുചിത്വ മിഷൻ
ശ്രീ. ശ്രീകുമാർ എസ്, എൻവയൺമെന്റൽ എക്സ്പെർട്ട് അമൃത് മിഷൻ
ശ്രീ കിരൺ സൂര്യ, എൻവയൺമെന്റൽ എൻജിനീയർ കൊച്ചി കോർപ്പറേഷൻ
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, അമൃത് മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ. യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ . യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎ യ്ക്ക്